*ബാബ അപരാഹ്നവേളകളിൽ പ്രശാന്തിനിലയത്തിലെ വരാന്തയിൽ തനിക്കു ചുറ്റും കൂടുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രധാന സന്ദേശങ്ങളിൽ ചിലത് തെരഞ്ഞെടുത്ത് അധിക സത്സംഗമായി അവതരിപ്പിക്കുകയാണ് പ്രഫസർ അനിൽകുമാർ. പ്രശാന്തിനിലയത്തിൽ നടന്ന പല സംഭവങ്ങളും ഇതിൽ പരാമർശിക്കപ്പെടുന്നു. ഈ പ്രഭാഷണം തുടരും.*

# വിദ്യാർത്ഥികളുമായുള്ള ബാബയുടെ സംഭാഷണങ്ങൾ

**പ്രഫസർ അനിൽകുമാറിന്റെ സത്സംഗം**

## സായീ വിവേകമുത്തുകൾ(Sai Pearls of Wisdom) ഭാഗം 47 D

**പ്രശാന്തി സന്ദേശം ഞായർ പോഡ്കാസ്റ്റ്**

**ആഗസ്റ്റ് 22, 2023**

# ബാബയുടെ ആരാധന, പെദ്ദ ബൊട്ടു–ശാരദാമ്മ

ഓം ശ്രീ സായിരാം!

പ്രശാന്തി സന്ദേശം, സായി വിവേകമുത്തുകൾ നിങ്ങളെ സ്വാഗതം ചെയ്യുന്നു.




ശേഷമ്മ രാജു, ഭഗവാന്റെ സഹോദരൻ, അവതാര പ്രഖ്യാപനത്തെ തുടർന്നുള്ള വിചിത്രമായ സംഭവങ്ങൾ രേഖപ്പെടുത്തുന്നു. അദ്ദേഹം ഇത്തരത്തിലാണ് സ്മരിക്കുന്നത്: "ഞങ്ങൾ ഹംപിയിൽനിന്ന് തിരിച്ചുവന്നയുടനെ, ഒരു മാറ്റം വന്നുചേർന്നു. പുസ്തകങ്ങൾ വലിച്ചെറിയുമ്പോൾ രാജു പറഞ്ഞു, "ആ പയ്യൻ തീർച്ചയായും ഞാൻതന്നെ! ഞാൻതന്നെയാണ് ആ പയ്യൻ!"



സ്കൂളിൽ വിവരം അറിയിക്കപ്പെട്ടു. വീട്ടിലേക്ക് പാഞ്ഞെത്തി, അവനെ കണ്ടപ്പോൾ ഞാൻ അമ്പരന്നുപോയി. അവന്റെ മുഖത്ത് ഒരു അസാധാരണമായ പ്രഭാവലയമുണ്ടായിരുന്നു.

ഞാൻ ചോദിച്ചു, ''എത്ര നാൾ നീയിങ്ങനെ ഒരു കുട്ടിയായി തുടരും?''

അവൻ മറുപടി പറഞ്ഞു, ''മായ വരുന്നതു വരെ!''

അവൻ പറഞ്ഞതെന്താണെന്ന് എനിക്ക് പിടികിട്ടിയില്ല. ശാസ്ത്രത്തിലൂടെ, മാതാവിനെ യാണ് ഉദ്ദേശിച്ചതെന്ന് ഞാൻ മനസ്സിലാക്കി. ഞങ്ങൾ അവരെ ആളയച്ച് വിളിപ്പിച്ചു. അച്ഛനമ്മമാർ വരാനെടുത്ത മൂന്ന് ദിവസക്കാലം, അവൻ ഭക്ഷണം കഴിക്കുകയോ ഒന്നും ചെയ്തില്ല; ആഹാരമൊന്നുമില്ലാതെ! അവൻ ഒരു വാക്കുപോലും ഉരിയാടിയതുമില്ല!

ഇതിനിടയ്ക്ക് അച്ഛനമ്മമാർ എത്തിച്ചേർന്നു. മാതാവ് ആഹാരം വിളമ്പണമെന്നും കുറച്ചു വെള്ളം കൊണ്ടുവരണമെന്നും അവൻ ആഗ്രഹിച്ചു. അവൻ അവരുടെ പാദം കഴുകി. ചോറും പുളിക്കുഴമ്പും അച്ചാറും ചമ്മന്തിയും എല്ലാംകൂടി കൂട്ടിക്കുഴച്ച്, അതിന്മേൽ പവി ത്രജലം തളിച്ചിട്ട്, അവൻ മാതാവിനെക്കൊണ്ട് മൂന്നുരുള വിളമ്പിച്ചു, എന്നിട്ട് കൂട്ടി ച്ചേർത്തു, ''മായ വഴിയിൽനിന്ന് മാറിപ്പോയി!'' അവനീ വാക്കുകൾ മന്ത്രിക്കുമ്പോൾ, ഒരു വെള്ളിവെളിച്ചം മിന്നി, പുറകിലത്തെ ഭിത്തി കടന്ന് അത് അപ്രത്യക്ഷമായി!''

അവിടുന്ന് സ്വയം ഒരു അവതാരമാണെന്ന് പ്രഖ്യാപിക്കുന്നതിനു മുമ്പുണ്ടായ സംഭവങ്ങ ളുടെ ഒരു വിവരണമായിരുന്നു ഇത്. ഇനി, ശേഷമ്മ രാജു രണ്ട് വിചിത്രമായ, പരിശോധി ക്കാനാവാത്ത വിവരങ്ങൾ കൂട്ടിച്ചേർക്കുന്നു. രാജു മുമ്പ് അദ്ദേഹത്തിന് പൂജാ കാര്യ ങ്ങൾക്കായി, ഒരു പത്തു രൂപാ നോട്ട് നൽകിയിരുന്നു, അക്കാലത്ത് അതൊരു വലിയ തുകയാണ്. ആ നോട്ട് തന്നത്താനെ ചലിക്കുന്നതിന് അദ്ദേഹം ദൃക്സാക്ഷിയായി.

നരസിംഹദാസും സുബ്ബു രത്നമ്മയും ആ ദിവസങ്ങളിലെ സംഭവങ്ങൾ സ്മരിക്കുന്നുണ്ട്. അവർ ഒരുമിച്ച് വിശ്വസനീയമായ വിവരങ്ങളാണ് പങ്കു വയ്ക്കുന്നത്.

സുബ്ബു രത്നമ്മ പറയും, ''സത്യം ഹോസ്പെറ്റ് സന്ദർശനം കഴിഞ്ഞ് തിരിച്ചുവരുമ്പോ ളേക്കും, എനിക്കൊരു ഇളയ സഹോദരിയുണ്ടായിരുന്നു. അവിടുന്ന് അവളെ എടുത്തിട്ട് പറഞ്ഞു, ''നീയും മായയിൽ വീണു!'' എന്നിട്ട് അവിടുന്ന് അവൾക്ക് 'സായി പ്രഭ' എന്ന് പേരു വിളിച്ചു. ബെല്ലാരി മുനിസിപ്പൽ ചെയർമാൻ സമ്മാനിച്ച സ്വർണ കോളർ പിൻ അവിടുന്ന് ഞങ്ങളെ കാണിച്ചു.

ദാസും നരസിംഹ മൂർത്തിയും ഞാനും സ്കൂൾ ബെൽ കേട്ടു. ഞങ്ങൾ സത്യനൊപ്പം സ്കൂളിലേക്ക് പോയി. ഞങ്ങൾ സ്കൂൾ കോമ്പൗണ്ടിൽ പ്രവേശിച്ചപ്പോൾ, അവിടുന്ന് വീണ്ടും ആ കോളർ പിൻ ഞങ്ങളെ കാണിച്ചുതന്നു, അത് അവിടുത്തെ കോളറിന് നല്ല ആഭരണമായിരുന്നു എന്നു പറഞ്ഞു. ഞങ്ങൾ രണ്ടാമത്തെ ബെൽ കേട്ടു. നരസിംഹ മൂർത്തിയും സത്യവും അവരുടെ ക്ലാസ്സിലേക്ക് പോയി.

ഞാൻ എന്റെ ക്ലാസ്സിലേക്ക് പോയി, എന്റെ സഹോദരൻ അവന്റെ ക്ലാസ്സിലേക്കും. ശ്രീ ശേഷമ്മ രാജു ഗാരുവായിരുന്നു എന്റെ ക്ലാസ്സ് ടീച്ചർ, അദ്ദേഹം തെലുങ്കായിരുന്നു പഠിപ്പി ച്ചിരുന്നത്. പത്തു മിനിട്ടിനകം, ഞാൻ നിങ്ങളോടു പറയട്ടെ, സത്യം അവിടുത്തെ ക്ലാസ് റൂം വിട്ടിട്ട് എന്റെ ക്ലാസ് റൂമിലേക്ക് കരഞ്ഞുകൊണ്ട് വന്നു, പിന്നെ ശ്രീ ശേഷമ്മ രാജുവിനോടു പറഞ്ഞു, ‘‘എന്റെ കോളർ പിൻ കളഞ്ഞുപോയി.!’’



ശേഷമ്മ രാജു ദേഷ്യപ്പെട്ട് പറഞ്ഞു, ‘‘എനിക്കൊന്നും കേൾക്കണ്ടാ! പോയി നിന്റെ ജ്യേഷ്ഠത്തിയോടു പറയ്!’’

സത്യം പിന്നീടൊന്നും മിണ്ടിയില്ല, പുറത്തുപോയി. അവിടുന്ന് സ്വന്തം ക്ലാസ്റൂമിലേക്ക് പോയി, അവിടുത്തെ പുസ്തകങ്ങളെ ടുത്തു. ഞങ്ങളുടെ സുഹൃത്തായ നരസിംഹമൂർത്തി എന്തു സംഭവിച്ചുവെന്നും എവിടെ പോകുന്നുവെന്നും അവനോടു തിരക്കി. അവൻ പറഞ്ഞു, ‘‘എല്ലാം മായയാണ്!’’ എന്നിട്ട് ക്ലാസ്സ് വിട്ടു പോയി.

‘‘സ്കൂളിനു വെളിയിൽവച്ച് അവനെ കണ്ടപ്പോൾ, അവനു ചുറ്റിനും കണ്ണഞ്ചിക്കുന്ന ഒരു തേജസ്സ് കാണപ്പെട്ടു എന്ന് അച്ഛൻ എന്നോടു പറയുകയുണ്ടായി! അച്ഛൻ അവനോടു സംസാരിച്ചു.’’

സത്യം എന്നിട്ട് അവന്റെ സഹോദരന്റെ വീട്ടിലേക്ക് പോയി, അവന്റെ പുസ്തകങ്ങൾ തറ യിലെറിഞ്ഞു, താൻ സ്കൂളിൽ പോകാനാഗ്രഹിക്കുന്നില്ല എന്നു പറഞ്ഞു. അവൻ വീടിന്റെ ഒരു മൂലയ്ക്കായി ഇരുന്നു എന്നാണ് ഞങ്ങളറിഞ്ഞത്. അവൻ അധികമൊന്നും

സംസാരിച്ചില്ല! അവൻ മന്ത്രിക്കുക മാത്രം ചെയ്തു, ‘‘എല്ലാം മായയാണ്! എല്ലാം മായ യാണ്!’’

സാവധാനം ആളുകൾ അകത്തേക്കു വരാൻ തുടങ്ങി. അവൻ ഒന്നുംതന്നെ മിണ്ടിയില്ല. ആരോ ശേഷമ്മ രാജുവിന് സന്ദേശമയച്ചു, പക്ഷേ അദ്ദേഹത്തിന് സത്യത്തിൽനിന്ന് ഒന്നും മനസ്സിലാക്കാനായില്ല, അവന്റെ ബോധനില എന്തെന്ന് മനസ്സിലായതുമില്ല.

ആരോ എന്റെ അച്ഛനെ വിളിക്കാനായി പുറത്തേക്കു പാഞ്ഞു. അദ്ദേഹം വന്നു, സത്യന്റെ ദിവ്യത്വം പാതി തിരിച്ചറിഞ്ഞ്, അദ്ദേഹം പറഞ്ഞു, ‘‘അവൻ സത്യം അല്ല! അവൻ സായി ബാബതന്നെ!’’ എന്നിട്ട് അവന്റെ മുമ്പാകെ നമസ്കരിച്ചു.

അദ്ദേഹം പറഞ്ഞു, ‘‘സത്യം, നീ പറഞ്ഞത് നീ ഉച്ചയൂണിന് വരില്ല എന്നാണ്. എല്ലാ കുട്ടി കളും വിശന്നിരിക്കുകയാണ്, അവർ കാത്തിരിക്കുകയാണ്!’’
സത്യം ഉടനടി എണീറ്റിട്ടു പറഞ്ഞു, ‘‘നമുക്ക് പോവാം!’’

ഈ നേരമത്രയും, ഞങ്ങൾ സ്കൂളിലായിരുന്നു, ഉച്ചയൂണു നേരത്താണ് ഞങ്ങൾ സത്യ ത്തെക്കുറിച്ച് കേട്ടത്. ഞങ്ങളെല്ലാവരും അവന്റെ വീട്ടിലേക്ക് ഓടി. സത്യം എണീറ്റ് പുറ ത്തിറങ്ങിയപ്പോൾ, ഞങ്ങൾക്ക് അവനൊപ്പം എത്താനായില്ല, വളരെ വേഗത്തിലാണവൻ നടന്നത്.

ശരി, നിങ്ങൾക്കറിയാവുന്നപോലെ ഇവ ശേഷമ്മ രാജു പരാമർശിച്ച, നരസിംഹദാസും സുബ്ബു രത്നമ്മയും പരാമർശിച്ച കാര്യങ്ങളാണ്. ഇതിലുമധികം നമ്മെ അതിശയിപ്പി ക്കുന്ന മറ്റെന്തു വേണം? അതിശയകരം!

നരസിംഹദാസ് കൂട്ടിച്ചേർക്കുന്നു, ‘‘എന്റെ അമ്മ ഒരു പെൺകുഞ്ഞിന് ജന്മം നൽകിയിട്ടേ ഉണ്ടായിരുന്നുള്ളൂ, എന്നാൽ അവിടുന്ന് അവരോടു തിരക്കി, ‘‘ആൺകുഞ്ഞ് എവിടെ?’’

എന്റെ അമ്മ, എന്നെക്കുറിച്ചാണ് അവിടുന്ന് തിരക്കുന്നതെന്നു കരുതിയിട്ട്, പറഞ്ഞു, ‘‘എന്റെ പൊന്നു സത്യം! ദാസു ഇതേവരെ സ്കൂളിൽനിന്ന് തിരിച്ചു വന്നില്ല.’’

അപ്പോൾ സ്വാമി കനത്ത സ്വരത്തിൽ ചോദിച്ചു, ''അല്ല! നിന്റെ ആൺകുട്ടി എവിടെ?''

അടുത്തുണ്ടായിരുന്ന എന്റെ അച്ഛൻ, ഓടിവന്നിട്ട് പറഞ്ഞു, ''സത്യം, എന്റെ പൊന്നു മോനേ! എന്താ കാര്യം?''

സത്യം ഉടനടി പറഞ്ഞു, ''ഞാൻ സത്യം അല്ല! ഞാൻ ബാബയാകുന്നു! എനിക്ക് വിശ്വശാന്തിക്കായി ജീവിക്കേണ്ടതുണ്ട്-മാനവരുടെ ക്ഷേമത്തിനായി. എന്നെ എന്റെ പണി ചെയ്യുന്നതിനായി അനുവദിക്ക്!''



1940 ഒക്ടോബർ 10 ന് എടുത്ത ചിത്രം

ഈ വാക്കുകൾ കേട്ടിട്ട്, എന്റെ പിതാവ് സ്തബ്ധനായി, അവിടുത്തെ രൂപത്തെ പൊതിയുന്ന തിളക്കമാർന്ന പ്രഭ കണ്ടിട്ട്, അദ്ദേഹം അവിടുത്തെ കാൽക്കൽ നമസ്കരിച്ചു! സായി ബാബയോടുള്ള അചഞ്ചലമായ ഭക്തിയോടെ, എന്റെ പിതാവ് ഞങ്ങളുടെ വീടിനു മുൻവശത്തുള്ള പരുക്കൻ ശിലമേൽ ഒരു പുലിത്തോല് വിരിച്ചു.''

നരസിംഹദാസിന്റെ വിവരണമാണ് ഇത്. രാജു ആ ശിലയുടെ മേൽ നിശ്ശബ്ദം ഇരുന്നതായി ദാസ് ഓർക്കുന്നു. പത്തു മിനിട്ട് കഴിഞ്ഞപ്പോൾ എന്റെ പിതാവ് അവിടുന്നിനോട് തിരക്കി, ''അവിടുന്ന് ഉച്ചയൂണിന് തയ്യാറാണോ?

അവിടുന്ന് പെട്ടെന്ന് എണീറ്റു, എന്റെ അമ്മ നൽകിയ ആഹാരത്തിൽനിന്ന് പേരിനു കഴിച്ചു, രണ്ട് മുഴുവൻ ദിവസത്തേക്കും അവിടുന്ന് ഉൾവലിഞ്ഞു കഴിഞ്ഞു.

സുബ്ബു രത്നമ്മ തുടരുന്നു, "ചന്ദനത്തിരിയൊക്കെ കത്തിച്ച് ഞങ്ങൾ ഭജനയും പൂജയുമൊക്കെ തുടങ്ങി. അവിടുന്ന് എണീറ്റില്ല. എന്റെ അച്ഛൻ അവിടുത്തെ ശിരസ്സിനു കീഴെ ഒരു വെൽവറ്റ് തലയിണ വച്ചുകൊടുത്തു. ആരതിയായപ്പോൾ, അവിടുന്ന് കണ്ണു തുറന്നു, അവ ചെമന്നിരുന്നു!"

അവിടുന്ന് പറഞ്ഞു, "എനിക്ക് പുട്ടപർത്തിക്ക് പോവണമെന്നുണ്ട്!"

നരസിംഹദാസ് വിവരണം ഇപ്രകാരം മുഴുമിപ്പിക്കുന്നു: "അവിടുന്ന് എണീറ്റിട്ട്, അവിടുത്തെ സഹോദരന്റെ ഭവനത്തിലേക്ക് പോകുന്നതിന് ആഗ്രഹിച്ചു. എന്റെ അച്ഛൻ അവിടുത്തോട് അപേക്ഷിച്ചു, അവിടുന്ന് പുട്ടപർത്തിക്ക് പോവുന്നതിനു മുമ്പ്, ഉച്ചയൂണിന് എന്റെ അതിഥിയാവണം!"

ശേഷമ്മ രാജുവിന്റെ വീട്ടിലേക്ക് പോവുന്നതിനു മുമ്പ്, കഴിക്കാമെന്ന് അവിടുന്ന് സമ്മതിക്കുകയുണ്ടായി.

രണ്ടു മൂന്ന് ദിവസങ്ങൾക്കു ശേഷം, അവിടുത്തെ മാതാപിതാക്കളും മറ്റു ബന്ധുക്കളും എത്തിച്ചേർന്നു. സംഭവബഹുലമായ ആ ദിവസത്തിനു ശേഷം പകൽവേളയിലെപ്പൊഴോ, ഒത്തിരി ആളുകൾ ചുറ്റിനും ഇല്ലാത്തപ്പോൾ, ഈശ്വരമ്മയും ശേഷമ്മ രാജുവും ബാബയെ സമീപിച്ചു.

ഈശ്വരമ്മ അപേക്ഷിച്ചു, "ഞങ്ങൾ *മായ*യിലാണ്! ഞങ്ങൾ *മായ*യാണ്! എന്നാൽ അവിടുന്ന് മായയിൽനിന്ന് മുക്തനാണ്, ഞങ്ങൾ ഇടപെടുകയുമില്ല. ഞങ്ങൾ തർക്കിക്കുകയില്ല. അവിടുന്ന് എന്താണോ അതാവാം, പക്ഷേ അത് ഹിമാലയത്തിലാവരുത്, ഗുഹകളിലോ മലകളിലോ ആവരുത്, ഞങ്ങളിൽനിന്ന് ദൂരെയാവരുത്! അവിടുന്ന് പുട്ടപർത്തിയിൽത്തന്നെ തങ്ങുമെന്ന് എനിക്ക് വാക്കു തരൂ. അവിടുത്തെ ഭക്തർ അവിടെ എത്തട്ടെ. ഞങ്ങൾ അവരെ സന്തോഷപൂർവം സ്വാഗതം ചെയ്യാം, അവരോട് ഔദാര്യത്തോടെ പെരുമാറാം!"

ബാബ സമ്മതിച്ചു, ''ഞാൻ എന്റെ ക്ഷേത്രമായി പുട്ടപർത്തി തെരഞ്ഞെടുത്തിരിക്കുന്നു!'' അവിടുന്ന് പ്രഖ്യാപിച്ചു, ''വരം നൽകപ്പെട്ടിരിക്കുന്നു-നിങ്ങൾക്കല്ല, ഗ്രാമത്തിന്, ലോകത്തിനു തന്നെയും! ഞാൻ ഈ സ്ഥലം വിടും, വ്യാഴാഴ്ച ദിവസം പുട്ടപർത്തിയിലേക്ക് തിരികെവരും!''



കുറച്ചു കാലത്തേക്ക് ഒരു സന്യാസിയുടെ കാഷായവേഷം ധരിക്കില്ല എന്നും അവിടുന്ന് വാഗ്ദാനം നൽകുകയുണ്ടായി. ഈശ്വരമ്മയ്ക്ക് വളരെ സന്തോഷമായി. ചുരുങ്ങിയത്, സദാ സമയവും തന്റെ പുത്രന്റെ സമീപം അവർക്ക് കഴിയാമല്ലോ.

പണ്ഡിറ്റ് നാരായണ ശാസ്ത്രി വന്ന് അവരുടെ പാദം തൊട്ടപ്പോൾ അവരുടെ സന്തോഷം സംഭ്രമമായി മാറി. ''സ്വാമിയുടെ മാതാവ്,'' അദ്ദേഹം പറഞ്ഞു, ''സ്വാമിയുടെ മാതാവ്!''

ഒരു ദിവസം, അവതാരപ്രഖ്യാപനം കഴിഞ്ഞയുടൻ, ഈ മുഴുവൻ കോലാഹലത്തിനിടയ്ക്ക്, ഒരു പ്രായം ചെന്ന സ്ത്രീ യുവാവായ ബാബയെ സമീപിച്ചു.

പ്രഖ്യാപനം കഴിഞ്ഞ് ഏറെ കഴിയാതെ ഒരു ദിവസം, ആ മുഴുവൻ ബഹളങ്ങൾക്കുമിടയിൽ, ഒരു പ്രായം ചെന്ന സ്ത്രീ ബാലനായ ബാബയെ സമീപിച്ചു. ബാബ അവരെ തന്റെ അടുത്തേക്ക് വിളിപ്പിച്ചു. എന്നിട്ട്, ആ ഭാഗത്തെത്തൊക്കെ വളരെ കുറച്ചു മാത്രം കേട്ടിട്ടുള്ള ഹിന്ദിയിൽ, ബാബ പറഞ്ഞു, ''എന്റെ കുഞ്ഞേ, നീ എത്തുകയെങ്കിലും ചെയ്തല്ലോ!''

അപരിചിതയെ സംബന്ധിച്ചിടത്തോളം, അതൊരു ഗതകാല സ്മരണകളുടെ പ്രവാഹമായിരുന്നു. കൂടുതലായി ഒന്നുംതന്നെ മാറിയിരുന്നില്ല. ശബ്ദവും ഭാവവും അതുതന്നെ.

മുഖം മാത്രം ചെറുപ്പമായി കാണപ്പെട്ടു. ഷിർദ്ദിയിലെ സായി ബാബയോട് സംസാരിച്ച, രണ്ടു ദശാബ്ദങ്ങൾക്കു മുമ്പത്തെ ആ സമയം അവൾ ഓർമ്മിച്ചു. എല്ലാം അതുതന്നെയായിരുന്നു, മുഖമൊഴികെ. ആ സ്ത്രീ ഒരു ഷിർദ്ദി ഭക്തന്റെ മകളായി ജനിച്ചതാണ്, അദ്ദേഹം നിസാമിന്റെ പ്രവിശ്യയിലെ ഒരു കളക്ടറായിരുന്നു.

ബാബതന്നെയാണ് അവൾക്ക് ശാരദ എന്ന് പേരിട്ടത്. അവൾ നേരത്തേ വിവാഹിതയായി, നാല് കുഞ്ഞുങ്ങളെയും നഷ്ടപ്പെട്ടു. മൂന്നാം വയസ്സു മുതൽക്ക് അവൾ സന്ദർശിച്ചുപോരുന്ന ഷിർദ്ദിയിലെ സായി ബാബയുടെ അടുത്തേക്കുള്ള നിരവധി സന്ദർശനങ്ങളിലൊന്നിൽ, അവൾ ആദ്ധ്യാത്മികമായ മോക്ഷത്തിനായി ബാബയിൽനിന്ന് വരത്തിനായി അപേക്ഷിച്ചു. സമയമെത്തുന്നതുവരെ അത് ആരോടും വെളിപ്പെടുത്തില്ല എന്ന് അവൾ ശപഥവും ചെയ്തു. അപ്പോൾ അവിടുന്ന് അവളോട് ആ ചരിത്രപരമായ പ്രഖ്യാപനം നടത്തുകയുണ്ടായി, ‘‘ഞാൻ ആന്ധ്രയിൽ പുനർജനിക്കും, അന്ന് നീ എന്റെയൊപ്പം എന്നേക്കുമായി തങ്ങും!’’




1917-ലായിരുന്നു അത്, ഷിർദ്ദി സായി ബാബ അവിടുത്തെ ദേഹം വെടിയുന്നതിന് ഒരു കൊല്ലം മുമ്പ്. പിന്നീട് അവർ സായി സദൻ എന്ന പേരിൽ ഒരു അനാഥാലയം സ്ഥാപിച്ചു. അതിന്റെ ഫണ്ട് സ്വരൂപണ പ്രചരണങ്ങളിലൊന്നിൽ, ഉറവക്കൊണ്ടയ്ക്കടുത്ത് എവിടെയോ നടത്തിയ പ്രചരണത്തിൽ, അവൾ രാജുവിനെപ്പറ്റി കേട്ടു- ഷിർദ്ദിയിലെ സായി ബാബ വീണ്ടും വന്നതാണെന്ന് അവകാശവാദമുന്നയിക്കുന്ന ഒരു ബാലനെപ്പറ്റി. അവനെ കാണാൻതന്നെ അവൾ തീരുമാനിച്ചു. ആ കൊച്ചു ബാലൻ ഹിന്ദിയിൽ അവളോടു സംസാരിച്ചപ്പോൾ അവളുടെ മനസ്സ് ശാന്തമായി. അത്രമാത്രം കൊണ്ടായില്ല.

ആ കൊച്ചു ബാലൻ തന്റെ കൈ നീട്ടിയിട്ട് ചോദിച്ചു, ‘‘നീ എനിക്കു ബാക്കി തരാനുള്ള പതിനാറു രൂപാ എവിടെ!’’

“ബാക്കി? പതിനാറു രൂപയോ?” ആ സ്ത്രീ ആശയക്കുഴപ്പത്തിലായി.

“അതെ, ഉറപ്പായും! ഷിർദ്ദിയിലെ ദസറ ആഘോഷത്തിനുള്ള സമ്പാദ്യം നീ ഓർമ്മിക്കുന്നില്ലേ? നീ അതിൽനിന്ന് ഒരിക്കൽ ബലറാമിന് നാൽപ്പതു രൂപാ കടം കൊടുത്തു, ഓർക്കുന്നോ? ആഘോഷത്തിന് നീ അത്രയും പണം മാത്രമേ അയച്ചുള്ളൂ! എനിക്കു കിട്ടാനുള്ള ബാലൻസ് പതിനാറു രൂപായാണ്! എളുപ്പമുള്ള കണക്കല്ലേ?”

“എന്റെ ദൈവമേ!” ആ സ്ത്രീ അതിശയിച്ചു. ഇത്ര കാലം കഴിഞ്ഞിട്ടും, ഇത്ര നിസ്സാരമായ ഒരു കാര്യം ഓർത്തുവയ്ക്കാൻ ആർക്കു കഴിയും, ബാബയ്ക്കല്ലാതെ?

“എനിക്കു നിന്റെ പണം ആവശ്യമില്ല! എന്റെ ഷിർദ്ദിയിലെസ്വത്വം നിന്നോട് ഉറപ്പിക്കാനും നിനക്ക് ഉറപ്പു തരാനുമായിട്ടാണ് ഞാനിത് ഓർമ്മിപ്പിച്ചത്. അതിനു പുറമെ, നിനക്ക് എന്നിലുള്ള വിശ്വാസം ഉറപ്പിക്കാനുമാണത്, നിനക്കത് ഇപ്പോഴും ഇല്ല! എന്റെ പാദനമസ്കാരം എടുക്കാതെ നീ എന്റെയടുത്ത് ഇരുന്നതിൽ അതിശയമില്ല!”

“വരാനിരിക്കുന്ന വർഷങ്ങളിൽ, ശാരദ എന്റെയടുത്ത് ശാരദാമ്മ ആയി, ഷിർദ്ദി



അമ്മയായി, പെദ്ദബൊട്ടു ആയി അറിയപ്പെടും!'' എന്തുകൊണ്ട്? അവളുടെ മൂർദ്ധാവിലെ ആ വലിയ പൊട്ട് കാരണം.

അവൾ അവളുടെ സായി സദൻ വിട്ട് പുട്ടപർത്തിയിൽ താമസിക്കാനായി വന്നു, 1986-ലെ ക്രിസ്മസ് ദിവസം അവളുടെ മരണം വരെ അവൾ അവിടെ തങ്ങി.

ഷിർദ്ദി ബാബയുടെ ജീവചരിത്രം വിശദമായി എഴുതുകയും മദ്രാസിലെ സായി സമാജം സ്ഥാപിക്കുകയും ചെയ്ത ബി.വി.നരസിംഹസ്വാമി, സ്വയം സായി ബാബയാണ് താനെന്നു അവകാശപ്പെട്ട ഈ ബാലനെ കാണുന്നതിനായി ചെന്നു. അദ്ദേഹം ശേഷമ്മ രാജുവിനോടു പറയുകയുണ്ടായി, ''ഞങ്ങൾ സായി ബാബയുടെ പ്രചാരം നടത്തുന്നുണ്ടെന്നാലും, ഈ ബാലനെപ്പോലെ അത്ര ഫലപ്രദമല്ല ഞങ്ങളുടെ പ്രവർത്തനം. ഇവൻ സായി ബാബയുടെ അവതാരമാണോ അല്ലയോ എന്ന്, കാലം പറയും!'' ഷിർദ്ദി സായി സമാജത്തിന്റെ ഔദ്യോഗിക മാസികയായ സായി സുധ മാസികയിൽ അദ്ദേഹം അതെക്കുറിച്ച് എഴുതുകയുമുണ്ടായി.

പിന്നീട്, പ്രഖ്യാപനത്തിനു ശേഷം ബാബ കമലാപുരം സന്ദർശിക്കുമ്പോൾ, അവിടുത്തെ കമലാപുരം സ്കൂൾ ദിനങ്ങളിലെ ഒരു സതീർത്ഥ്യനായ ബോയപ്പട്ടി വെങ്കട സുബ്ബയ്യ, എന്താണ് ഈ ആദ്ധ്യാത്മിക ശക്തികളൊക്കെ നൽകിയതെന്ന് അവിടുന്നിനോട് ചോദിക്കും.

ബാബ നേരംപോക്കായി മറുപടി നൽകും, ''ഒരു ദിവസം ഷിർദ്ദി ബാബ എന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ട് ഒരു സ്വർണത്തളികയിൽ അഞ്ചിനം ആഹാരം വച്ചു. ആ ആഹാരം കഴിച്ചതിനുശേഷമാണ് എനിക്കീ ശക്തി ലഭിച്ചത്!''



മാലസ്പതി ഷിർദ്ദിയിലെ സായി ബാബയെ സ്വീകരിക്കുന്നു

'സായി ബാബ ഗൊണ്ടു'വിൽ(ഗൊണ്ടു എന്നാൽ ശില) വന്നിരിക്കാനായി ബാബയെ ക്ഷണിച്ചുകൊണ്ട് ആഞ്ജനേയലു വളരെ സുപ്രധാനമായ ഒരു നീക്കം നടത്തുകയുണ്ടായി. തന്നെ സംബന്ധിച്ചിടത്തോളം, രാജുവും ഷിർദ്ദിയിലെ സായി ബാബയും ഒരാൾതന്നെയെന്ന് അദ്ദേഹം വ്യക്തമാക്കുകയുണ്ടായി. മാലസ്പതി ഷിർദ്ദിയിലെ സായി ബാബയെ സ്വമേധയാ "യാ സായി!" "യാ സായി!" (സ്വാഗതം സായി! എന്നർത്ഥം) എന്നു വിളിച്ചുകൊണ്ട്, അവിടുന്നാരാണെന്ന് തിരിച്ചറിഞ്ഞതുമായി ഈ നൈസർഗികമായ തിരിച്ചറിവിനെ താരതമ്യപ്പെടുത്താം! ആ രീതിയിൽ, പുനരവതരിച്ച ഈ സായി ബാബയുടെ ആദ്യത്തെ ഭക്തൻ ആഞ്ജനേയലുവായിരുന്നു. വർഷങ്ങൾക്കു ശേഷം, തന്നെ സായി ബാബയായി തിരിച്ചറിഞ്ഞ ആദ്യത്തെ വ്യക്തി ആഞ്ജനേയലുവാണ് എന്ന് ബാബ പറഞ്ഞിട്ടുണ്ട്.

അടുത്ത വേള നാം തുടരും. അവിടുത്തെ ബാല്യകാലം സംബന്ധിച്ച ഈ വിശദവിവരങ്ങൾ നിങ്ങൾക്കിഷ്ടമാണെന്നു കരുതുന്നു. ഈ ഹ്രസ്വ പ്രഭാഷണത്തിൽ, ഷിർദ്ദി ബാബയുടെ അനുയായി ആയിരുന്ന, ഷിർദ്ദി ബാബയ്ക്കൊപ്പം കുറച്ചുകാലം ഉണ്ടായിരുന്ന ശാരദ അഥവാ പെദ്ദ ബൊട്ടു അഥവാ ശാരദാമ്മ, സത്യ സായി ബാബയ്ക്കൊപ്പം ചേർന്നതും, രണ്ടുപേരും ഒന്നുതന്നെയെന്ന് തിരിച്ചറിഞ്ഞതും, അവളുടെ ജീവിതത്തിന്റെ ശിഷ്ടകാലം അവിടെ ചെലവഴിക്കുകയും അന്ത്യശ്വാസം വലിക്കുകയും ചെയ്തതിന്റെ ഒരു വിവരണമാണ് നിങ്ങൾക്കായി ഞാൻ സമ്മാനിച്ചത്.

നിങ്ങളുടെ സമയത്തിന് നന്ദി.

(തുടരും)



**പ്രഫ. അനിൽകുമാർ കാമരാജു**
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)